DESPATCHED
On...21.2.2020
22.2.2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1919*(2)/2016*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12091**/*എസ്.ഐ.സി–ജി 6/16*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.എം.അഷ്റഫ്,
അഡ്വക്കേറ്റ് , ഷഹാന ടവർ,
കുപ്പക്കോണം റോഡ്,
നെടുമങ്ങാട്. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
മന്നാനിയ കോളേജ് ഓഫ് ആർട്സ് & സയൻസ്,
പാങ്ങോട്, കല്ലറ, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
മന്നാനിയ കോളേജ് ഓഫ് ആർട്സ് & സയൻസ്,
പാങ്ങോട്, കല്ലറ, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.07.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.08.2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25.08.2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09.09.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.09.2016 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 03.10.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.അഷ്റഫ്, 29.09.2016ന്

സമർപ്പിച്ച അപ്പീൽ ഹർജി 03.10.2016ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1919(2)/16/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തമായ മറുപടി നൽകാതെ തെറ്റിദ്ധാരണാപരമായ മറുപടിയാണ് നൽകിയതെന്നും തുടർന്ന് നൽകിയ അപ്പീലിനും വ്യക്തമായ മറുപടി നൽകിയില്ലെന്നും ആകയാൽ ടി അപ്പീൽ പരിഗണിച്ച് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 19.07.2016ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 12.08.2016ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 25.08.2016ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 09.09.2016ന് മറുപടി നൽകിയതായും കാണുന്നു.

4. 04.11.2016ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് 12.08.2016ൽ ഇൻഫർമേഷൻ ഓഫീസറും 09.09.2016ൽ അപ്പലേറ്റ് അതോറിറ്റിയും മറുപടി നൽകിയിരുന്നുവെന്നും മറുപടികളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഹർജിക്കാരന്റെ അപേക്ഷയ്ക്ക് തെറ്റായ വിവരങ്ങളാണ് നൽകിയതെന്ന് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ 4 വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയത് നൽകിയിട്ടുണ്ടെന്നും ടിയാൻ compulsory retirement ൽ പോയ ആളാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട കാലഘട്ടത്തിൽ കോളേജ് കൗൺസിലും സ്റ്റാഫ് കൗൺസിലും കൂടിയിരുന്നില്ലെന്നും ആയതിനാലാണ് മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാൻ കഴിയാത്തതെന്നും ഇക്കാര്യം എസ്.പി.ഐ.ഒ.യും അപ്പീൽ അധികാരിയും വ്യക്തമായി രേഖപ്പെടുത്തിയിരുന്നുവെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും നൽകാൻ കഴിയാവുന്ന വിവരങ്ങളെല്ലാം ഒന്നാം

എതിർകക്ഷി നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ഫെബ്രുവരി 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM